# ക്രിസ്തുമസ്സ് കരോൾ സർവ്വീസ് – 2016












ഈ വർഷത്തെ കരോൾ സർവ്വീസ് ഡിസംബർ 23 വെള്ളിയാഴ്ച കത്തീഡ്രൽ ഹാളിൽ നടന്നു. വികാരി ഫാ. ജിജു വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. തേവര സേക്രട്ട് ഹാർട്ട് കോളേജ് പ്രിൻസിപ്പാൾ റവ.ഫാ. ഡോ. പ്രശാന്ത് പാലക്കാപ്പിള്ളി വചന സന്ദേശം നൽകി. ഫാ. ബിജു എബി മാത്യു, റവ.ഫാ. ഒ.വി. ഏലിയാസ് എന്നിവർ സംബന്ധിച്ചിരുന്നു. സൺഡെ സ്കൂൾ കുട്ടികളുടെ സ്കിറ്റും, ചർച്ച് ക്വയറിന്റെ ക്രിസ്മസ്സ് കരോൾ ഗാനങ്ങളും ചടങ്ങിന് മോടികൂട്ടി. ഫാ. സൈമൺ ജോസഫിന്റെ നന്ദി പ്രകാശനത്തോടെ പരിപാടികൾ സമാപിച്ചു.

## ഇടവക പെരുന്നാൾ

കതിരുകൾക്കുവേണ്ടിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ ഓർമ്മ പെരുന്നാൾ 2017, ജനുവരി 14,15 (ശനി, ഞായർ) തീയ്യതികളിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നു. 14–ാം തീയ്യതി ശനിയാഴ്ച വൈകിട്ട് 6 മണിക്ക് സന്ധ്യാ നമസ്ക്കാരവും തുടർന്ന് ധ്യാനപ്രസംഗവും, റാസയും ഉണ്ടായിരിക്കും.

15–ാം തീയതി ഞായറാഴ്ച രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാനയും തുടർന്ന് റാസ, ആശീർവാദം, കൈമുത്ത്, നേർച്ചവിളമ്പ് എന്നിവയും ഉണ്ടായിരിക്കുന്നതാണ്. വൈകിട്ട് 5 മണിക്ക് സന്ധ്യാനമസ്ക്കാരവും തുടർന്ന് ഇടവക ദിനവും ആഘോഷിക്കുന്നതാണ്. എല്ലാ വിശ്വാസികളുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യസഹായസഹകരണങ്ങൾ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

## വിശേഷ ദിവസങ്ങൾ

### ജനുവരി

| | |
|---|---|
| 01 ഞായർ | പുതുവൽസരം, കർത്താവിന്റെ ചേലാകർമ്മം |
| 03 ചൊവ്വ | പ. ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മ (ദേവലോകം) |
| 06 വെള്ളി | ദനഹാപെരുന്നാൾ (കർത്താവിന്റെ മാമോദീസ) കത്തീഡ്രലിൽ 6.45ന് ദനഹാ ശുശ്രൂഷ, തുടർന്ന് വി. കുർബ്ബാന |
| 07 ശനി | മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ചയുടെയും, ശിരഛേദത്തിന്റെയും ഓർമ്മ |
| 08 ഞായർ | മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ |
| 15 ഞായർ | വിത്തുകൾക്കുവേണ്ടി വി. ദൈവ മാതാവിന്റെ ഓർമ്മ, ഇടവക പെരുന്നാൾ |
| 26 വ്യാഴം | പ: മാത്യൂസ് ദ്വിദീയൻ ബാവയുടെ ഓർമ്മ (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം) |

### ഫെബ്രുവരി

| | |
|---|---|
| 02 വ്യാഴം | മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശനം) പത്രോസ് മാർ ഓസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മ (കണ്ടനാട്, കർമ്മേൽ ദയറാ) |






Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 01 JANUARY 2017

## എഡിറ്റോറിയൽ

### ജീവിത വിജയം പുതുവർഷത്തിൽ

"എന്നാൽ, ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ" (1 കൊരി 10.12 )

1923 –ൽ ചിക്കാഗോയിലെ എഡിജിവോർട്ട് ബീച്ച് ഹോട്ടലിൽ ഒരു സമ്മേളനം നടന്നു. അന്ന് ലോകത്തിൽ വ്യവസായമേഖലയിലെ അറിയപ്പെടുന്ന ധനവാന്മാരായിരുന്നു അതിൽ സംബ്ബന്ധിച്ചിരുന്നത്. 25 വർഷത്തിനു ശേഷം അതിൽ സംബ്ബന്ധിച്ചിരുന്നവരുടെ അപ്പോഴത്തെ സ്ഥിതി വിവരങ്ങൾ അന്വേഷിച്ചു. അതിൽ പലരുടെയും സ്ഥിതി വളരെ ദയനീയമായിരുന്നു. ഏറ്റവും വലിയ സ്വതന്ത്ര സ്റ്റീൽ കമ്പനിയുടമ മരിച്ചപ്പോൾ പാപ്പരായിരുന്നു. വാൾസ്ട്രീറ്റിലെ ഏറ്റവും വലിയ സമ്പന്നൻ ആത്മഹത്യ ചെയ്യുകയായിരുന്നു. പ്രസിഡന്റിന്റെ കാബിനറ്റിലെ ഒരു ഉന്നതനെ അറസ്റ്റു ചെയ്തു ജയിലിലടച്ചിരുന്നു. ഇവരിൽ പലരും ജീവിതത്തിൽ വിജയം വരിക്കാതിരുന്നതിനു കാരണം, ഒരു പക്ഷെ, ഇവർ പ്രവർത്തിച്ചിരുന്നത് ദൈവത്തിന് നിരക്കാത്ത രീതിയിലായിരുന്നതുകൊണ്ടായിരിക്കാം. സ്വന്തം രാജ്യത്തു കയറാൻ കഴിയാത്ത വിജയമല്യയെപ്പോലെയുള്ള ധാരാളം വ്യവസായികളെയും നാം കണ്ടു കഴിഞ്ഞല്ലോ. വളരെ മോശമായ രീതിയിൽ വ്യവസായം നടത്തി പണം സമ്പാദിച്ച റോക്ഫെല്ലർ ഒരു മനസ്സമാധാനവുമില്ലാതെ കുറെ നാൾ കഷ്ടപ്പെട്ടിരുന്നു. അപ്പോഴാണ് ബാക്കിയുള്ളവർക്കു വേണ്ടിയും കൂടെ ജീവിക്കണമെന്ന് അയാൾക്കു തോന്നിയതും, റോക് ഫെല്ലർ ഫൗണ്ടേഷൻ ആരംഭിച്ചതും. ലോകമെമ്പാടുമുള്ള ആശുപത്രികൾക്കും രോഗികൾക്കും ഇപ്പോൾ അതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. തന്നെയുമല്ല റോക് ഫെല്ലറിന് വളരെ സമാധാനവും സന്തോഷവും നിറഞ്ഞ ഒരു അന്ത്യം ലഭിക്കുകയും ചെയ്തു.

ഏതു തൊഴിൽ ചെയ്യുന്നവനും ജീവിത വിജയം പ്രാപിക്കുവാൻ റിട്ടയർമെന്റ് വരെ കാത്തിരിക്കേണ്ട ആവശ്യമില്ല. നമ്മുടെ മനസ്സിൽ ബാക്കിയുള്ള സഹജീവികൾക്കും ഒരു സ്ഥാനം നൽകിയാൽ മതി. അവരുടെ സന്തോഷവും, പ്രയാസങ്ങളും കൂടി പങ്കിടാൻ നമുക്കു സാധിച്ചാൽ, നമുക്ക് ജീവിത വിജയം പ്രാപിക്കുവാൻ ഏതു മേഖലയിലും സാധിക്കും. ഓരോ ദിവസം കഴിയുമ്പോഴും നാം മരണത്തോടു ഒരു ദിവസം അടുക്കുകയും ജനന ദിവസത്തോട് അകലുകയുമാണെന്നോർക്കണം. എപ്പോഴും ഈ ഓർമ്മയുണ്ടെങ്കിൽ ജീവിത വിജയത്തിനു ശ്രമിക്കാൻ കൂടുതൽ സൗകര്യമാകും. പുതുവർഷത്തിൽ "നന്മ" ചെയ്യുകയായിരിക്കട്ടെ നമ്മുടെ വിജയ തന്ത്രം. ■

## ഇടയ ലേഖനം

### കിഴക്കു നിന്നെത്തിയ രാജാക്കന്മാർ

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



ആകാശത്തിൽ കണ്ട അസാധാരണ നക്ഷത്രം നൽകിയ സൂചന വായിച്ചറിഞ്ഞ ജ്യോതിശാസ്ത്രജ്ഞന്മാർ ഇത്ര ദൂരം സഞ്ചരിക്കുകയോ? ബേത്‌ലഹേമിൽ ക്രിസ്തു ജനിക്കുന്നതിനു വളരെ മുമ്പു തന്നെ ഈ നക്ഷത്രം ഉദിച്ചിരുന്നുവെന്നു കരുതണം. അതു മറ്റൊരു പ്രവചനം! "കിഴക്ക്" എന്നത് പ്രകാശമുദിക്കുന്ന ദിക്കാണ്. ക്രിസ്തുവിന്റെ "ജന്മനക്ഷത്ര"മുദിച്ചതു കിഴക്ക്, തന്റെ രണ്ടാമത്തെ വരവും കിഴക്കു നിന്നായിരിക്കുമെന്നാണ് വേദാധിഷ്ഠിതമായ പാരമ്പര്യം.

ജ്യോതിശാസ്ത്രജ്ഞൻമാർ എന്താണന്വേഷിച്ചത്? അവർ പല രാജാക്കന്മാരെയും കണ്ടവരായിരിക്കണം. "യഹൂദന്മാരുടെ രാജാവിനെ" ലോക പരിത്രാണകനായി അവർ തിരിച്ചറിഞ്ഞു! പല നാടുകൾ താണ്ടി അവർ യാത്രതുടർന്നു. വഴികാട്ടിക്കൊടുക്കുന്നത് ആകാശത്തിൽ ജ്വലിച്ചുനിന്ന ആ "ജന്മനക്ഷത്രം" തന്നെ. അവരുടെ അന്വേഷണം ഫലപ്രാപ്തിയിലെത്തി. അതിനിടെ, മുമ്പറിഞ്ഞിട്ടില്ലാത്ത പലതും അവർ പഠിക്കുകയും ചെയ്തു. ലോക രക്ഷകൻ രാജകൊട്ടാരത്തിലല്ല പിറക്കുന്നത്, ദൈവം ദരിദ്രരിൽ ദരിദ്രരോടൊപ്പമാണ്, പ്രതാപികളായ ലോക ഭരണ കർത്താക്കൾക്ക് 'രക്ഷകനെ' ഒഴിവാക്കാനാണ് താല്പര്യം. രാജാവിന്റെ ഔദാര്യത്തെക്കാൾ വലുത് ദൈവകൃപയാണ്, ലോകത്തിലെ അധികാരത്തിന്റെയും പ്രൗഢിയുടേതുമല്ലാത്ത "മറ്റൊരുവഴി"യുണ്ട് ഇങ്ങനെ പലതും.

ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും അപഗ്രഥിച്ചു ഗ്രഹിക്കുകയും, എല്ലാം വിട്ട് സത്യത്തെ അന്വേഷിച്ചു പോകുകയും ചെയ്യുന്നതാണ് ജീവിത സാഫല്യം എന്ന് അവർ തിരിച്ചറിഞ്ഞു. ഏറ്റവും ദരിദ്ര സാഹചര്യങ്ങളിൽ കണ്ടുമുട്ടിയ ശിശുവിൽ അവർ ദിവ്യത്വം കണ്ടു. യഥാർത്ഥ ദർശകരായിരുന്നു അവർ. തങ്ങൾ കൊണ്ടുവന്ന വിലപിടിപ്പുള്ള സാമഗ്രികൾ പരമ ദരിദ്ര സാഹചര്യങ്ങളിൽ കാണപ്പെട്ട ഒരു പൈതലിനു മുമ്പിൽ സമർപ്പിച്ചു വണങ്ങാൻ അവർക്കു യാതൊരു വൈമനസ്യവുമുണ്ടായില്ല.

ഇന്നും "ലോകം" തേടിക്കൊണ്ടിരിക്കുന്നു. അധികാരം, ധനം, യശ്ശസ്, സ്ഥാനമാനങ്ങൾ, പ്രതാപം, പുകഴ്ച്ച അങ്ങനെ ആകർഷകമായി കാണപ്പെടുന്നതെല്ലാം ഇത്തരം ഭൗതിക അന്വേഷണങ്ങൾക്ക് ഒരപവാദമാണ്. "കിഴക്കു നിന്നും ബേതലഹേമിൽ വന്ന രാജാക്കന്മാർ" അധികാര തൃഷ്ണ, ഭൗതികത, ധനമോഹം ഇവയുടെ പൊള്ളത്തരം അവർ ഗ്രഹിച്ചു.

(ശേഷം 2–ാം പേജിൽ)

## വികാരിയുടെ കത്ത്

# പുതുവത്സരത്തിന് വരവേൽപ്പ്....

ഫാദർ ബിജു എബി മാത്യു



"പുതുവർഷം സമാഗതമായിരിക്കുന്നു. കാലത്തിന്റെ അനന്ത വിഹായസ്സിൽ സംവത്സരപക്ഷി ഒരു പറക്കൽ കൂടി പൂർത്തിയാക്കി, മറ്റൊരു ഗമനം ആരംഭിക്കുകയാണ്. കണക്കെടുപ്പിന്റെയും പുനരാവിഷ്കാരത്തിന്റെയും അവസരമാണ് വർഷാവസാനവും വർഷാരംഭവും.

വർത്തമാനം, ഭാവി, ഭൂതകാലങ്ങളിൽ ജീവിക്കുവാൻ മനുഷ്യനു സാധിക്കും. ഭൂതകാലത്തിലും ഭാവികാലത്തിലുമല്ല നാം ജീവിക്കേണ്ടത്. വർത്തമാന കാലത്തിലാണ്. ഭൂതകാലത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ഭാവികാലത്തിൽ പ്രത്യാശ അർപ്പിച്ച് – നമ്മെ സ്നേഹിക്കുന്ന ദൈവം തരുന്ന ഓരോ നിമിഷത്തിലും–വർത്തമാന കാലത്തിൽ ജീവിക്കണം. നമ്മെ സ്നേഹിക്കുന്ന ദൈവം എപ്പോഴും നമ്മോടൊപ്പമുണ്ട്. നാം ദുർബ്ബലരായിരിക്കാം, എന്നാൽ അവിടുന്ന് സർവ്വശക്തനാണ്. നമ്മൾ തകർന്നവരായിരിക്കും അവിടുന്ന് ബലപ്പെടുത്തുന്നവനാണ്. നാം മരിച്ചവർക്ക് തുല്യരായിരിക്കാം, എന്നാൽ അവിടുന്ന് ജീവൻ നൽകുന്നവനാണ്. അതിനാൽ നമുക്ക് ധൈര്യമായി പുതുവർഷം ആരംഭിക്കാം.

"ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ"

(1 പത്രോ. 5 : 6, 7)

ദൈവത്തിന് നമ്മേക്കുറിച്ച് എന്നും ചില സ്വപ്നങ്ങളും പ്രതീക്ഷകളുമുണ്ട്. നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവത്തിന്റെ കരുണയുടെ അടയാളമാണ്. ഒരു കൃഷിക്കാരൻ ചുവടു കിളച്ച് വളമിട്ട് ഫലത്തിനായി കാത്തിരിക്കുന്നതുപോലെ സൃഷ്ടാവായ ദൈവം കാത്തിരിക്കുന്നു. വി.ലൂക്കൊ 13.6–9 ൽ പറയുന്ന അത്തി വൃക്ഷത്തിന്റെ ഉപമ ഇതു വ്യക്തമാക്കുന്നു. നമ്മിൽ നിന്ന് ഉണ്ടാകേണ്ട ഫലങ്ങൾ ലോകത്തിന്റേതാകാൻ പാടില്ല മറിച്ച് സ്നേഹം, സന്തോഷം, ആത്മസംയമനം എന്നീ ആത്മാവിന്റെ ഫലങ്ങൾ കൊണ്ട് ആയിരിക്കണം നാം നിറയേണ്ടത്. ഭക്തരായ മനുഷ്യരെപ്പോലെ ദൈവത്തിന് പ്രിയങ്കരമായത് എന്തായിരിക്കുമെന്ന് സകല പ്രവർത്തികളും തുടങ്ങുന്നതിനും തുടരുന്നതിനും മുൻപ് അന്വേഷിച്ച് കണ്ടുപിടിക്കാൻ സാധിക്കണം. നന്മയായതു മാത്രം ചെയ്യാനുള്ള അനുഗ്രഹ സമൃദ്ധമായ സമയമായി പുതുവത്സരത്തെ നമുക്ക് കാണാം.

പുതുവത്സരം പ്രതീക്ഷയുടെയും, പ്രതിജ്ഞകളുടേയും, സമർപ്പണത്തിന്റേതും ആകണം. കഴിഞ്ഞ കാലങ്ങളിൽ നിന്നും മനസ്സു വിടർത്താൻ കഴിയാത്തതുകൊണ്ടാണ് അനേകരുടെ മുന്നോട്ടുള്ള ജീവിതം അസ്വസ്ഥകളിൽ മുഴുകുന്നത്. ദിവാസ്വപ്നങ്ങളിൽ മുഴുകി യാഥാർത്ഥ്യങ്ങളിൽ നിന്നും അകന്നുള്ള ജീവിതം പലരേയും നിഷ്ക്രിയത്വത്തിലേക്ക് നയിക്കുന്നു. നല്ല ചിന്തകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. മനസ്സിൽ നെഗറ്റീവ് ചിന്തകൾ കടക്കാൻ അനുവദിക്കാതെ ജീവിതത്തെ എപ്പോഴും പോസിറ്റീവ് ആയി കാണാൻ ശ്രമിക്കുകയും ശുഭാപ്തി വിശ്വാസം വളർത്താൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മുടെ ആഗ്രഹങ്ങൾക്ക് പരിധി നിർണ്ണയിക്കാൻ സാധിച്ചാൽ പുതുവത്സരത്തിൽ ദൈവാനുഗ്രഹം നമ്മോടു കൂടെ ഉണ്ടാകും.

പുതുവത്സരാശംസകളോടെ !!! ■

*(ഇടയലേഖനം തുടർച്ച)*

ലോകദൃഷ്ടിയിൽ വിലപിടിപ്പുള്ളതെല്ലാം അവർ ദിവ്യശിശുവിന്റെ കുഞ്ഞിക്കാലുകൾക്കരികെ സമർപ്പിച്ചു, വിലപിടിപ്പുള്ളതെന്നു തോന്നിച്ചതെല്ലാം "renounce" ചെയ്തപ്പോൾ അവർ യഥാർത്ഥത്തിൽ "ധനികരായി"

കുടിച്ചുംതിന്നും, രാജകീയമായി കൊട്ടാര സദൃശ്യമായ അന്തരീക്ഷത്തിലെ തിമിർപ്പായി, ലോകരക്ഷകന്റെ അവതാര ഉത്സവം അധഃപതിക്കുമ്പോൾ അത് ഒരു എതിർ അന്വേഷണത്തിന്റെ കഥ പറയുന്നു. ദരിദ്രാവസ്ഥയിലെ ശിശുവിനെ കണ്ടിട്ട് "ഞാൻ അന്വേഷിച്ചത് ഇതല്ല" എന്നു പറയുന്നതാണ് സമകാലീന ലോകം. നല്ല ഉദ്ദേശ്യം മാത്രം പോരാ, നല്ല മാർഗ്ഗവുമുണ്ടാകണം.

"The road to hell is paved with good intentions" എന്ന പഴമൊഴി എത്ര അന്വർത്ഥം!

അധികാരത്തിനും, പദവിക്കും, അധികാരം നിലനിർത്തുന്നതിനും, അന്യായമായി ധനം സമ്പാദിക്കുന്നതിനും, പരദ്രോഹത്തിനും വേണ്ടി ഗൂഢാലോചന നടത്താൻ മടിയില്ലാത്ത മനുഷ്യരുടെ ലോകത്തേക്ക് ക്രിസ്തുമസ്സ് വീണ്ടും വരവായി.

വിനയത്തോടും അനുതാപത്തോടും ബേത്‌ലഹേമിലെ പുൽക്കൂടിനെ സമീപിക്കാം. പരനന്മയല്ലാതെ പരദ്രോഹം തൊട്ടുതീണ്ടാത്ത മനസ്സോടെ, സത്യാന്വേഷികളായി മാറാൻ ഈ ക്രിസ്തുമസ്സ് നമുക്ക് പ്രചോദനം നൽകട്ടെ!

Happy Christmas & New Year!! ■

## വിവാഹം

പാലാരിവട്ടം മടത്തി മ്യാലിൽ ശ്രീ തോമസ് ഐസക്കിന്റെയും ശ്രീമതി അനി തോമസിന്റെയും മകൻ **ഐസക്ക് തോമസും,** കോട്ടയം പുരയ്ക്കൽ ശ്രീ. ജോർജ്ജ് ജേക്കബിന്റെയും ശ്രീമതി സുനില ജോർജ്ജിന്റെയും മകൾ **നികിത സാറ ജോർജ്ജും** 26–12–2016 ൽ പ. കാതോലിക്കാ ബാവായുടെയും അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെയും കാർമ്മികത്വത്തിൽ കത്തീഡ്രലിൽ വിവാഹിതരായി.



*വധൂവരന്മാർക്ക് മംഗളാശംസകൾ!*





## കുടുംബ വിശേഷങ്ങൾ

### Releasing Coupons of Meshthooso-17 on Dec. 11th Sunday, 2016.



Release of Sponsor Coupon to M/s. Muthoot Groups



Mr. C.K.Sunny receiving donor Coupon



Mrs. Annamma George receiving donor Coupon



Mrs. Mercy Edwin receiving the donor Coupon

## ആദരാഞ്ജലികൾ



**പി.കെ. കുര്യൻ** (രാജപ്പൻ)

തേവര പുത്തൻപുരയ്ക്കൽ പി.കെ.കുര്യൻ (86), 2–12–2016 ൽ നിര്യാതനായി. 3–12–2016 ൽ ചിറ്റൂർറോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Jan. 08 - 07.00 am, Jan. 22 - 07.00 am, Jan. 29 - 10.00 am, Feb. 05 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Jan. 15 - 07.30 am, Jan. 29 - 07.30 am |
| | എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am |

## "മെഷ്ത്തൂസോ–17" ബ്രോഷർ പ്രകാശനം

കത്തീഡ്രലിലെ ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ചു ഡിസംബർ 23–ാം തീയ്യതി നടന്ന സമ്മേളനത്തിൽ "മെഷ്ത്തൂസോ–17" ന്റെ ബ്രോഷർ പ്രകാശനം ചെയ്യുകയുണ്ടായി. കത്തീഡ്രലിന്റെ നവതിയാഘോഷത്തോടനുബന്ധിച്ച് 2017 ജനുവരി 29ന് വൈകിട്ട് എറണാകുളം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന "കോറൽ സിംഫണി", ഇവിടെ നടന്നിട്ടുള്ള സംഗീത സദസ്സുകളുമായി താരതമ്യം ചെയ്താൽ ഒരു ശ്രവണ ദൃശ്യ വിപ്ലവം തന്നെയായിരിക്കും. ഇങ്ങനെയൊരു ബൃഹത്തായ സംരംഭം–കോറൽ സിംഫണി– നടത്താൻ പ്രചോദിതമായത് കത്തീഡ്രലിന്റെ "വിഷൻ 26" എന്ന പദ്ധതിയാണ്.

കത്തീഡ്രൽ സെന്റിനറിയോടെ 2026 ൽ അവസാനിക്കുന്ന "വിഷൻ–26"ന്റെ പ്രയോജകർ പ്രധാനമായും കാൻസർ രോഗികൾ, നിർദ്ധനരായ വിദ്യാർത്ഥികൾ, വീടില്ലാത്തവർ എന്നിവരായിരിക്കും.



Mr. George Paul releasing the brochure of Meshthooso 17 to Rev. Fr. Dr. Prasanth Palakkapally

മെഷ്ത്തൂസോ –17 പരിപാടിയിൽ 70 സംഗീതോപകരണങ്ങളോടു കൂടി, 90 ഗായകർ ശ്രുതി സംഗീത സ്കൂളി ലെ ബഹു.എം.പി. ജോർജ്ജച്ചന്റെ നേതൃത്വത്തിൽ ഇൻഡോർ സ്റ്റേഡിയത്തിൽ അണിനിരക്കും. ശ്രുതി സ്കൂളിലെ ഗായക സംഘവും, എറണാകുളത്തെ എല്ലാ ഓർത്തഡോക്സ് ദേവാലയങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഗായകരും, കോട്ടയത്തെ "സുമോറോ" ഗായക സംഘവും ചേർന്നതാണ്. മെഷ്ത്തൂസോ–17 ന്റെ ഗായക സംഘം.

മാസങ്ങൾ നീണ്ടു നിൽക്കുന്ന ഒരുക്കങ്ങളും, അദ്ധ്വാനവുമാണ് ഇങ്ങിനെയൊരു സിംഫണി അവതരിക്കുവാൻ ആവശ്യമായി വരുന്നത് സംഗീതാസ്വാദകർ ധാരാളമുള്ള എറണാകുളം നഗരത്തിൽ ആദ്യമായി നടക്കുന്ന ഇങ്ങനെയൊരു സംരംഭത്തിന്റെ സാക്ഷികളാകുവാൻ നമുക്ക് കുറച്ചു ദിവസങ്ങൾ കൂടി ക്ഷമിച്ചിരിക്കാം. ■